പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 126 | 16-10-2026-ൽ മറുപടിയ്ക്ക്

**<u>രാജ്യാന്തര കായിക ഉച്ചകോടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. രമേഷ് പിഷാരടി

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കോടികൾ ചെലവിട്ട് മുൻ സർക്കാർ നടത്തിയ രാജ്യാന്തര കായിക ഉച്ചകോടിയുടെ മറവിൽ നിക്ഷേപ വഞ്ചനയും സാമ്പത്തിക തട്ടിപ്പും നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** രാജ്യാന്തര കായിക ഉച്ചകോടിയുടെ മറവിൽ നിക്ഷേപ വഞ്ചനയും സാമ്പത്തിക തട്ടിപ്പും നടന്നതായി ആരോപിച്ച് ശ്രീ. പ്രമോദ് കെ. ആർ.-ന്റെ പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിനായി കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** 3.62 കോടി രൂപ സർക്കാർ ഫണ്ട് ചെലവഴിച്ച് നടത്തിയ ഉച്ചകോടിയിൽ 23.52 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചെന്ന് കായിക വകുപ്പ് പ്രഖ്യാപിച്ചിരുന്നോ; എന്നാൽ ഉച്ചകോടിയുടെ നടത്തിപ്പുകാരായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 6.96 ലക്ഷം രൂപ മാത്രമാണ് സർക്കാരിൽ തിരിച്ചടച്ചതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉച്ചകോടിയുമായി ബന്ധപ്പെട്ട് 23.52 ലക്ഷം വരുമാനം ലഭിച്ചതായി കായിക വകുപ്പ് പ്രഖ്യാപിച്ചിരുന്നു എന്ന പരാമർശവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. International Sports Summit Kerala 2024 എന്ന പേരിൽ സ്പോർട്സ് കോൺക്ലേവും നിക്ഷേപക സംഗമവും സംഘടിപ്പിക്കുന്നതിന് 19.01.2024 ലെ G.O.(RT) no. 20/2024/SYA പ്രകാരം 2204-00-104-82 Sports Development Fund (P) എന്ന ശീർഷകത്തിൽ നിന്നും 3,61,75,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ വ്യവസ്ഥകളിൽ ലഭിക്കുന്ന വരുമാനം സർക്കാർ അക്കൗണ്ടിലേയ്ക്ക് അടയ്ക്കണമെന്ന് പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട് Sponsorship, Registration and Stall Rent ഇനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭിച്ച 6.96 ലക്ഷം രൂപയിൽ GST കഴിച്ച് 6,80,647 രൂപ 23.05.2025 ന സർക്കാർ അക്കൗണ്ടിലേയ്ക്കും 10 രൂപ 28.05.2025 ന് ട്രഷറി ചലാൻ വഴി കായികയുവജന കാര്യാലയത്തിന്റെ റവന്യൂ ഹെഡിലേയ്ക്ക് നേരിട്ടും അടച്ചിട്ടുണ്ട്.

**(സി)** കായിക ഉച്ചകോടിയുടെ ഇവന്റ് മാനേജ്മെന്റ്, കേറ്ററിംഗ് കരാറുകൾ എന്നിവ ടെൻഡർ ഇല്ലാതെ മുൻ കായിക മന്ത്രിയുടെ അടുപ്പക്കാർക്ക് നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** ഇക്കാര്യം അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്.

**സെക്ഷൻ ഓഫീസർ**